ഡാ: ഏ. ആർ. മേനോൻ: ഗവണ്മെൻറിനോടാലോചിക്കാതെ എനിക്ക പറയാൻ നിവൃത്തിയില്ല. അതിനെപ്പറ്റി നടപടിയെടുക്കേണ്ട ജോലി ഇയ ഡിപ്പാർട്ടുമെൻറിനല്ലാത്തതുകൊണ്ട് ഞാൻ പറയേണ്ട ആവശ്യമില്ല.

ശ്രീ: പി. ടി. ചാക്കോ: ഈ ഡിപ്പാർട്ടുമെൻറ് ഗവണ്മെൻറിൽനിന്നും സ്വതന്ത്രമായി പ്രവർത്തിക്കുകയാണോ?

ഡാ: ഏ. ആർ. മേനോൻ: സ്വതന്ത്രമായി പ്രവർത്തിക്കുകയല്ല; ചേർന്നു പ്രവർത്തിക്കുകയാണ്. ഓരോ ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തെപ്പറ്റി ആലോചിക്കാൻ ഓരോ മിനിസ്റ്റർ ഉണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഏതു ഡിപ്പാർട്ടുമെൻറിനാണിതിൻെറ മുമതല യെന്നു മന്ത്രിക്ക് പറഞ്ഞുതരാമോ?

ഡാ: ഏ. ആർ. മേനോൻ: മാറാവുന്ന മുമതല എനിക്കില്ല. കുഷ്ഠരോഗി കളെ വഴിയിൽക്കണ്ടാൽ പിടിച്ചുകൊണ്ടുപോകേണ്ട മുമതല എൻേറതല്ല.

ശ്രീ. ടി. ഒ. ബാവ: സഹകാര്യ ഏജൻസികൾ നടത്തുന്ന സ്ഥാപന ങ്ങൾക്ക് ഗവണ്മെൻറിൽനിന്നും വല്ല സഹായവും നൽകുന്നുണ്ടോ?

ഡാ: ഏ. ആർ മേനോൻ: ഓരോ പേക്ഷ്യൻറിനും 12 കു. വീതം കൊടു ക്കുന്നുണ്ട്;

ശ്രീ. ടി. ഒ. ബാവാ: സഹകാര്യഏജൻസികൾ നടത്തുന്ന പുത്തൻകുരിശ് എന്ന സ്ഥലത്ത് ചികിത്സിച്ച് സുഖപ്പെട്ടുവരുന്ന രോഗികളെ പ്രത്യേകം താമസിപ്പിക്കുന്നതിനും, കടുത്ത രോഗികളെ പ്രത്യേകം താമസിപ്പിക്കുന്നതിനും വാർഡുകൾ കെട്ടുന്നതിനു ഗവണ്മെൻറിനോട് സഹായധനം ആവശ്യപ്പെട്ടി ട്ടുണ്ടോ?

ഡാ: ഏ. ആർ മേനോൻ: അതിപ്പോൾ പറയാൻ സാധ്യമല്ല.

ശ്രീ. കെ. കണ്ണൻ: മലബാർപ്രദേശത്ത് പുതുതായി കുഷ്ഠരോഗാശു പത്രി സ്ഥാപിക്കുന്ന സ്ഥലം വളപട്ടണത്തുനിന്നും മാറണമെന്നു ആവശ്യ പ്പെട്ടിട്ടുണ്ടോ?

ഡാ: ഏ ആർ. മേനോൻ: കണ്ണൂരിൽ വളപട്ടണത്തുനിന്നും അതു മാറ ിയാൽക്കൊള്ളാമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രൊഹിബിഷൻ സർവ്വെ.

* 1497. [8] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) ഈ സ്റ്റേറിൽ ഗവണ്മെൻറ് ഒരു പ്രൊഹിബിഷൻ സർവ്വെ നടത്തിയിട്ടുണ്ടായിരുന്നോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഈ സർവ്വേക്ക് വിധേയമാക്കി യിരുന്നത്;

(സി) ഈ സർവ്വെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ;

(ഇ) ഇതിനുവേണ്ടി ഒട്ടാകെ ചെലവായ തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) 1957 നവംബറിൽ, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് ഒരു പ്രൊഹിബിഷൻ സർവ്വെ നടത്തിയിട്ടുണ്ട്.

(ബി) മദ്യനിരോധനം ഹേതുവായി, സാമ്പത്തികമായും, സാംസ്കാരികമായും പൊതുജനങ്ങളുടെ ജീവിതത്തിൽ ഉളവായിട്ടുള്ള ഫലത്തെക്കുറിച്ച് മനസ്സിലാക്കുക എന്നുള്ളതായിരുന്നു ഈ സർവ്വെകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരുന്നത്. കുടുംബത്തിൻറെ വലിപ്പം, അവരുടെ വിദ്യാഭ്യാസയോഗ്യത, കുടുംബച്ചെലവ്, കടം മുതലായവയും മദ്യനിരോധനത്തെക്കുറിച്ച് ഇരുപതു വയസ്സും അതിൽകൂടുതലും പ്രായമുള്ള അംഗങ്ങളുടെ അഭിപ്രായവും അതിനുള്ള കാരണങ്ങളും മറ്റുമായിരുന്നു സർവ്വെക്ക് വിധേയമാക്കിയിരുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറാണ് സർവ്വെ നടത്തിയത്. ഈവക സർവ്വേകളും നടത്തുകയെന്നതു് ഈ ഡിപ്പാർട്ടുമെൻറിൻറെ സാധാരണശക്തിയിലുള്ള ഒരിനം ജോലിയായതുകൊണ്ട് ഇതിനുവേണ്ടി പ്രത്യേകമായി എന്തുചെലവായി എന്നു നിജപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ. എം. ഗോവിന്ദൻകുട്ടിനായർ: അതിൻറെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാത്തതെന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: അതൊരു പ്രിലിമിനറി റിപ്പോർട്ടാണ്.

ശ്രീമതി കുസുമം ജോസഫ്: എൺപതുശതമാനത്തിലധികം ആളുകളും പ്രൊഹിബിഷനു് അനുകൂലമായിട്ടാണ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതെന്നു പറയുന്നതു് ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: റിപ്പോർട്ട് പ്രിലിമിനറി റിപ്പോർട്ടുമാത്രമാണ്, അതു പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നു പറഞ്ഞുകഴിഞ്ഞു. പിന്നെ റിപ്പോർട്ടിലെ അഭിപ്രായം ഇന്നതരത്തിലാണെന്നു മോഹിച്ചാൽ പറയുന്നതു് ശരിയല്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: പ്രിലിമിനറി റിപ്പോർട്ടിനെത്തുടർന്നു് എപ്പോഴാണ് അതിൻറെ ഫൈനൽ റിപ്പോർട്ട് ഗവണ്മെൻറിനു കിട്ടുന്നതെന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അതിനെപ്പറ്റി അന്വേഷിച്ചിട്ടു മാത്രമേ പറയാൻ നിവൃത്തിയുള്ളൂ; നോട്ടീസുവേണം.

ശ്രീ എം. നാരായണക്കുറുപ്പ്: ഈ ചോദ്യത്തിൽ ചോദിച്ചിരിക്കുന്നതിനു മറുപടി പറഞ്ഞകൂട്ടത്തിൽ പ്രിലിമിനറി റിപ്പോർട്ടിനെപ്പറ്റി പറഞ്ഞു. സ്വാഭാവികമായിത്തന്നെ പ്രിലിമിനറി റിപ്പോർട്ടിനെത്തുടർന്നു്, ഫൈനൽ റിപ്പോർട്ടും പ്രതീക്ഷിക്കാവുന്നതാണ്; അതു് എപ്പോൾ കിട്ടുമെന്നുള്ള അന്വേഷണം ഗവണ്മെൻറു നടത്തിയിരിക്കേണ്ടതാണ്. അതിനെപ്പറ്റി ചോദിക്കുമ്പോൾ നോട്ടീസുവേണമെന്നു പറയുന്നതു ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: പ്രിലിമിനറി റിപ്പോർട്ടുവന്നാൽ, സാധാരണഗതിയിൽ ഫൈനൽ റിപ്പോർട്ടും വരും. അതു് എപ്പോൾ കിട്ടുമെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു: പ്രൊഹിബിഷൻ ഏർപ്പെടുത്തിയിട്ടുള്ള സ്ഥലത്തേക്കാൾ, പ്രൊഹിബിഷൻ ഇല്ലാത്ത സ്ഥലത്തെ ജനനനിരക്കു് കൂടുതലാണെന്ന പത്രത്തിൽ കണ്ട വാർത്ത ശരിയാണോ?

ശ്രീമതി കെ. ആർ ഗൗരി: അതു ജനനമരണക്കണക്കു നോക്കി നിശ്ചയിക്കേണ്ടതാണ്. എനിക്ക് അതുനോക്കാതെ മറുപടിപറയുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ സി. എ. മാത്യു: റിപ്പോർട്ടിനെപ്പറ്റി പത്രത്തിൽവന്നകാര്യമാണ് പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: റിപ്പോർട്ട് ഗവണ്മെന്റ് പ്രസിദ്ധീകരിച്ചിട്ടില്ലെന്നു പറഞ്ഞു. അതു സെക്രട്ടേറിയറ്റിൽനിന്നും ആരെങ്കിലും ചോർത്തിക്കൊടുത്തിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. പ്രസിദ്ധീകരിക്കാത്ത റിപ്പോർട്ടിലെ കാര്യങ്ങൾ പത്രത്തിൽവന്നു എന്നു പറഞ്ഞാൽ അതു ശരിയാണെന്നു വിചാരിക്കണ്ടാ.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ റിപ്പോർട്ട് രഹസ്യമായി വയ്ക്കത്തക്കവിധം സ്റ്റേറ്റ് സീക്രട്ട്സ് വല്ലതുമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ കിട്ടിയിട്ടുള്ളതു പ്രിലിമിനറി റിപ്പോർട്ടാണ്. അതിന്റെ ഫൈനൽ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ പ്രസിദ്ധപ്പെടുത്തും.

ശ്രീ. പി. ടി. ചാക്കോ: പ്രിലിമിനറി റിപ്പോർട്ടിലെ കാര്യങ്ങളെ അടിസ്ഥാനമാക്കി ഗവണ്മെന്റ് ഏതെങ്കിലും ഉത്തരവുകൾ പാസ്സാക്കുന്നതിനുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഉത്തരവുകൾ ഒന്നും പാസ്സാക്കിയിട്ടില്ല വായിച്ചുനോക്കി, ഇൻഡ്യഗവണ്മെന്റിൽ, പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിലേക്ക് അയച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പ്രൊഹിബിഷൻ കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കാനാണോ, ഇപ്പോൾ ഉള്ള സ്ഥലത്തും ഇല്ലാതാക്കാനാണോ ഈ സർവ്വെയുടെ ഉദ്ദേശം?

ശ്രീമതി കെ. ആർ. ഗൗരി: സർവ്വെയുടെ ഉദ്ദേശം എന്താണെന്നു നേരത്തെ പറഞ്ഞു. പ്രൊഹിബിഷൻ ഏരിയായിലും, മറ്റുസ്ഥലത്തുമുള്ള ആളുകളുടെ സാമ്പത്തികവും, സാംസ്കാരികവുമായ വളർച്ചയുടെ സ്വഭാവം മനസ്സിലാക്കാനാണ് സർവ്വെ നടത്തിയിട്ടുള്ളതു്.

ശ്രീ. പി. ടി. ചാക്കോ: ഇരുപതുവയസ്സിനുമേൽ പ്രായമുള്ളവരുടെ അഭിപ്രായം ആരാഞ്ഞതു് എന്തടിസ്ഥാനത്തിലാണ്?

ശ്രീമതി കെ. ആർ. ഗൗരി: ഇരുപതുവയസ്സുകഴിഞ്ഞവർ എന്നു പറഞ്ഞാൽ, അവർ മേജർ ആയിരിക്കും അഭിപ്രായത്തിനു വിലകല്പിക്കാം എന്നുകരുതിമാത്രം.

ശ്രീമതി ലീലാ ദാമോദരമേനോൻ: പ്രിലിമിനറി റിപ്പോർട്ടിൽ മുഴുവൻ ഭാഗവും ഇല്ല, ഫൈനൽ റിപ്പോർട്ടു കാത്തിരിക്കുകയാണെന്നു പറഞ്ഞു. അപ്പോൾ മുഴുവൻ വിവരവുമില്ലാതെയാണോ പ്ലാനിംഗ് കമ്മിഷനു് അയച്ചിരിക്കുന്നതു്?

ശ്രീമതി കെ. ആർ. ഗൗരി: പ്രിലിമിനറി റിപ്പോർട്ടിൽ മുഴുവൻഭാഗവും ഇല്ലാത്തതുകൊണ്ടു് അതു പ്രസിദ്ധീകരിച്ചില്ല. ഞാൻ പറഞ്ഞു എന്നു പറഞ്ഞതിനെ നിഷേധിക്കുന്നു. ഫൈനൽ റിപ്പോർട്ടു കിട്ടിയിട്ടേ പ്രസിദ്ധീകരിക്കൂ എന്നാണു പറഞ്ഞതു്. പ്രിലിമിനറി റിപ്പോർട്ട് സെൻട്രൽ ഗവണ്മെന്റു് ആവശ്യപ്പെട്ടു് അതു അയച്ചുകൊടുത്തു. അതു ശരിയാണെന്നാണു് എന്റെ വിശ്വാസം.

ശ്രീമതി ലീലാ ദാമോദരമേനോൻ: പ്രിലിമിനറി റിപ്പോർട്ടിന്റെ ഒരു കോപ്പി ഈ സഭയ്ക്കു നല്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: സെൻട്രൽ ഗവണ്മെന്റിനു് അയച്ചുകൊടുക്കുന്നതു് എല്ലാം ഈ സഭയ്ക്കു നല്കുന്നതു ശരിയായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: പ്രിലിമിനറി റിപ്പോർട്ടിലെ വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പത്രക്കാർക്ക് നല്കിയതായി പത്രത്തിൽ കണ്ടതു ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയൊന്നും ഞാൻ പത്രത്തിൽ കണ്ടില്ല. ഞാനു ആർക്കും അതിന്റെ വിവരം കൊടുത്തിട്ടില്ല; ആ പതിവുമില്ല.

ഗവണ്മെന്റ് കെട്ടിടങ്ങൾക്ക് വസൂലാക്കുന്ന വാടക.

* 1498. [9] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നല്കുമോ:

(എ) ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റ് കെട്ടിടങ്ങളിൽ താമസിക്കുകയാണെങ്കിൽ അവരിൽനിന്നും വീട്ടുവാടക വസൂലാക്കുന്നതു് എന്തടിസ്ഥാനത്തിലാണു്;

(ബി) ഉദ്യോഗസ്ഥന്മാരുടെ പദവി (ക്ലാസ്) അനുസരിച്ചു് വസൂലാക്കുന്ന വാടകയുടെ തോതിൽ വല്ല വ്യത്യാസവുമുണ്ടോ;

(സി) വാടകയില്ലാതെ ഗവണ്മെന്റ് കെട്ടിടങ്ങളിൽ താമസിക്കുവാൻ ഉദ്യോഗസ്ഥന്മാരെയോ, അല്ലാത്തവരെയോ കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയിൽ അനുവദിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുറഹിമാൻ): (എ) കെട്ടിടം പണിക്കു് ചെലവായിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള വാടകയോ (അതായതു് ചെലവിന്റെ ആറു ശതമാനം വർഷവാടക എന്ന കണക്കിൽ) കെട്ടിടത്തിൽ താമസിക്കുന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ പത്തു ശതമാനമോ ഇതിൽ ഏതാണോ കുറവു്, അതു് വാടകയിനത്തിൽ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരിൽനിന്നും സാധാരണഗതിയിൽ വസൂലാക്കുന്നുണ്ടു്. എന്നാൽ മലബാർ പ്രദേശത്തു് 15 രൂപയിൽ താഴെ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും അൻപതു നയാപൈസയും, 15-നും 25-നും മധ്യേയുള്ള ശമ്പളക്കാരിൽനിന്നും 1 രൂപയും. 25-നും 35-നും മധ്യേയുള്ള ശമ്പളക്കാരിൽനിന്നും 1.50 രൂപയും, 35-നും 50-നും മധ്യേ ശമ്പളമുള്ളവരിൽനിന്നും 2.50 രൂപയും 50-നു മുകളിൽ ശമ്പളമുള്ളവരിൽനിന്നും 50 രൂപയ്ക്കു് മുകളിലുള്ള തുകയോ, പത്തു ശതമാനമോ ഇതിൽ ഏതാണോ ചെറിയ തുക അതും രണ്ടരരൂപയും കൂടി വാടകയിനത്തിൽ ഈടാക്കിവരുന്നു.

(ബി) ഉദ്യോഗസ്ഥന്മാരുടെ പദവി അനുസരിച്ചു വസൂലാക്കുന്ന വാടകയുടെ തോതു് വ്യത്യസ്തമല്ലെങ്കിലും, അവർക്കു കൊടുത്ത ഗവണ്മെന്റ് കെട്ടിടങ്ങൾ, അവരുടെ ഉദ്യോഗനില, ശമ്പളം മുതലായവയെ പരിഗണിച്ചിട്ടാണു്.

(സി) ഉണ്ടു്. കോട്ടയം ഡിവിഷനിലെ റസ്റ്റ് ഹൗസുകളോടനുബന്ധിച്ചുള്ള കമ്പാർട്ടുമെന്റുകൾ സ്റ്റാഫ് വേർഡുകൾക്കു വാടകയില്ലാതെയാണു് താമസത്തിനുകൊടുത്തിട്ടുള്ളതു്. കൊല്ലത്തുള്ള പൊതുക്കെട്ടിടങ്ങളുടെ കോമ്പൗണ്ടിലുള്ള രണ്ടു 'എഫ്' ടൈപ്പു് കെട്ടിടം അവിടത്തെ സബ്മൈയിൽ സൂപ്രണ്ടിനു വീട്ടുവാടക അലവൻസിനുപകരം വാടകയില്ലാതെ കൊടുത്തിട്ടുണ്ടു്. കൂടാതെ, ഫിനാൻസു ഡിപ്പാർട്ടുമെന്റിൽ ഒരു ക്ലാർക്കായിരുന്ന ശ്രീ. അയ്യപ്പന്റെ വിധവയെ 11-56 മുതൽ, 3-57 വരെ തിരുവനന്തപുരം എൻ. ജി. ഒ. കമ്പാർട്ടുമെന്റിലുള്ള 65-ാംനമ്പർ വീട്ടിൽ വാടകയില്ലാതെ താമസിക്കാൻ അനുവദിച്ചിരുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതിൽ ചിലർക്കു പ്രത്യേക പരിഗണന നല്കുവാൻ കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly